പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. *69 | 02.12 .2015 ൽ മറുപടിക്ക് |

**മായം കലർന്ന ഉല്പന്നങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സാജു പോൾ**<br>**,, ററി.വി.രാജേഷ്**<br>**,, ബാബു എം. പാലിശ്ശേരി**<br>**ഡോ.കെ.ടി.ജലീൽ** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | നിറപറ ബ്രാൻഡിലുള്ള മസാലകൾ നിരോധിച്ചതിന്റെ അടിസ്ഥാനം വിശദമാക്കുമോ; നിരോധിച്ച ഉല്പന്നങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നവർക്കെതിരെ കേസ്സെടുക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയോ; വിശദാംശം നൽകുമോ; | എ) | 2013 സെപ്റ്റംബർ മാസത്തിൽ ഇടുക്കി ജില്ലയിൽ നിന്നും പരിശോധനയ്ക്കെടുത്ത നിറപറ ബ്രാൻഡിന്റെ മല്ലിപ്പൊടിയിൽ സ്റ്റാർച്ച് ചേർത്തിട്ടുണ്ടെന്ന് എറണാകുളം റീജീയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ നടത്തിയ പരിശോധനയിൽ കാണുകയുണ്ടായി. അതിനു ശേഷം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിവിധ കാലയളവിൽ എടുത്ത മുപ്പത്തിനാലോളം മല്ലി, മഞ്ഞൾ, മുളകുപൊടി സാമ്പിളുകളിൽ 20% മുതൽ 80% വരെ സ്റ്റാർച്ചിന്റെ (Added Starch) സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. ഇത് കൽക്കട്ടയിലെ റഫറൽ ഫുഡ് ലബോറട്ടറിയിലും കൊച്ചിയിലെ സ്പൈസസ് ബോർഡ് ലബോറട്ടറിയിലും മൈസൂറിലെ സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലും പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുള്ളതാണ്. പല കേസിലും കമ്പനി കുറ്റം സമ്മതിച്ച് ഫൈൻ അടയ്ക്കുകയും ചെയ്തു. അതിനുശേഷവും കുറ്റകൃത്യം തുടർച്ചയായി ചെയ്തു വന്ന സാഹചര്യത്തിലാണ് ഫുഡ്സേഫ്റ്റി കമ്മീഷണർ ഈ ഉൽപ്പന്നങ്ങൾ നിരോധിച്ചത്.<br>നിരോധിച്ച ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നത് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം വകുപ്പ് 26(4) പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യമാണ്. അപ്രകാരം ചെയ്യുന്നവർക്കെതിരെ |

| | | | |
|---|---|---|---|
| | | | നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | നിരോധനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ; പ്രസ്തുത ബ്രാൻഡിൽ വിപണനം ചെയ്യുന്ന ഉല്പന്നങ്ങൾ മായം കലരാത്തതാണെന്ന് തെളിഞ്ഞിട്ടുണ്ടോ ; | ബി) | നിരോധനം നിലവിലില്ല. നിരോധന ഉത്തരവിനെതിരെ നിറപറ ബ്രാൻഡിന്റെ ഉൽപാദകരായ കെ.കെ.ആർ ഫുഡ് പ്രോഡക്ട്സ് സമർപ്പിച്ച റിട്ട് ഹർജ്ജിയിൽ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി നിരോധന ഉത്തരവ് റദ്ദാക്കുകയുണ്ടായി.<br>നിരോധന ഉത്തരവിനെതിരെ സർക്കാർ സമർപ്പിച്ച അപ്പീൽ ഡിവിഷൻ ബഞ്ച് അഡ്മിറ്റ് ചെയ്യുകയും നിറപറ ഉൽപന്നങ്ങളുടെ സാമ്പിൾ എടുക്കാനും നിയമം അനുവദിക്കുന്ന മറ്റ് നടപടികൾ സ്വീകരിക്കാനും അനുവദിച്ചുകൊണ്ട് ഇടക്കാല ഉത്തരവ് നൽകിയിട്ടുണ്ട്.<br>പ്രസ്തുത ബ്രാൻഡിൽ വിപണനം ചെയ്യുന്ന ഉല്പന്നങ്ങൾ മായം കലരാത്തതാണെന്ന് തെളിഞ്ഞിട്ടില്ല. നിരോധന ഉത്തരവിറക്കിയതിനുശേഷം എടുത്ത് പരിശോധിച്ച സാമ്പിളുകളും മായം കലർന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| സി) | മറ്റു ബ്രാൻഡിലുള്ള സമാന ഉല്പന്നങ്ങളിലും മായം കലർന്നിട്ടുണ്ടോ യെന്ന പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | സി) | ഉണ്ട്. വിവിധ ബ്രാൻഡുകൾ പല കാലയളവിലായി പരിശോധിച്ചതിൽ NKR Master ബ്രാൻഡിൽ ഉൽപ്പാദിപ്പിക്കുന്ന മല്ലിപ്പൊടിയിൽ starch കണ്ടെത്തിയിട്ടുണ്ട്. എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ നടന്ന പരിശോധനയിലാണ് ആയത് കണ്ടെത്തിയിട്ടുള്ളത്. അനാലിസിസ് റിപ്പോർട്ട് 90/2015-16 തീയതി 19.11.2015 . |
| ഡി) | പരിശോധന നടത്തിയ ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റ ഭീഷണി ഉയർന്നതിനാൽ തുടർ നടപടി നിർത്തിവെച്ചുവെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിജസ്ഥിതി വ്യക്തമാക്കുമോ? | | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ ആരെയും തന്നെ ഈ വിഷയത്തിൽ സ്ഥലം മാറ്റിയിട്ടില്ല. |

സെക്ഷൻ ഓഫീസർ